# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 907

28.04.2017-ന് മറുപടിയ്ക്ക്

## <u>വിദ്യാലയങ്ങൾക്ക് അന്താരാഷ്ട്ര നിലവാരം</u>

**<u>ചോദ്യം</u>**

ശ്രീ.ആർ. രാമചന്ദ്രൻ

**<u>മറുപടി</u>**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനു വേണ്ടി നടത്തുന്ന പ്രവൃത്തികളുടെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ;

(എ) സംസ്ഥാനത്തെ തെരഞ്ഞെടുത്ത വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിനു വേണ്ടി നടത്തുന്ന പ്രവൃത്തികളുടെ ഭാഗമായി ഹൈസ്കൂൾ- ഹയർ സെക്കന്ററി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി എന്താണെന്ന് വിശദമാക്കുമോ;

(ബി) ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ 08.12.2016-ലെ സ.ഉ.(പി). നം.205/2016/പൊ.വി.വ. ഉത്തരവ് പ്രകാരം ജനപ്രതിനിധികൾ, പി.ടി.എ. പ്രസിഡന്റ്/സെക്രട്ടറി, പൂർവ്വ വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ തുടങ്ങിയവരുടെ

അഭിപ്രായങ്ങളും കണക്കിലെടുത്തിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനകാര്യ ഉദ്ഗ്രഥനം സർക്കാർ, എം.പി., എം.എൽ.എ., ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത്, എസ്.എസ്.എ, ആർ.എം.എസ്.എ. ഫണ്ടുകൾ, സ്പോൺസർഷിപ്പ് മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ എന്നിവ വഴി കണ്ടെത്തുന്നതിനാൽ ഇക്കാര്യത്തിലും പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്.

(സി) ഒരു അപ്പർപ്രൈമറി സ്കൂൾ ഹൈടെക് സ്കൂളാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി തലങ്ങളിലെ എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. അപ്പർ പ്രൈമറി വിദ്യാലയങ്ങൾ നിലവിൽ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ